സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബി.ആർ.സി. ട്രെയിനികളായി നിയമിക്കപ്പെട്ട അദ്ധ്യാപകർ

95 (4376) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. നോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബി. ആർ. സി. ട്രെയിനികളായി എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇങ്ങനെ ട്രെയിനിമാരായി നിയമിച്ച അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതുമൂലം വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) 974 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

സർവ്വശിക്ഷാ അഭിയാൻ പദ്ധതി ഏർപ്പെടുത്താത്ത ജില്ല

96 (4377) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി ഏർപ്പെടുത്താത്ത ഏതെങ്കിലും ജില്ല സംസ്ഥാനത്തുണ്ടോ ;

(ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് എന്നുവരെ കേന്ദ്ര സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2010 വരെ.

LIBRARY ARCHIVES Kerala Legislative Assembly